**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6859** **21-03-2023 - ൽ മറുപടിയ്ക്ക്**

**റവന്യൂ ഡിപ്പാർട്ട്മെന്റിൽ ഓൺലൈൻ സ്ഥലം മാറ്റം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.വി.സുമേഷ് | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | റവന്യൂ ഡിപ്പാർട്ട്മെന്റിൽ ജനുവരിയിൽ ആരംഭിക്കാറുള്ള ഓൺലൈൻ സ്ഥലം മാറ്റങ്ങൾക്ക് ഇതുവരെ ജീവനക്കാർക്ക് എച്ച്.ആർ.എം.എസ്. ൽ അപേക്ഷിക്കുവാൻ കഴിയാത്തത് എന്തുകൊണ്ടാണെന്ന് വിശദമാക്കാമോ; | (എ) | എച്ച്.ആർ.എം.എസ് മോഡ്യൂളിൽ ജീവനക്കാരുടെ വിവരങ്ങളിൽ, സ്ഥാനക്കയറ്റം സംബന്ധിച്ച വിവരങ്ങൾ പൂർണ്ണമായും നാളതീകരിയ്ക്കുന്നതിന് ഡി.ഡി.ഒ.മാർക്ക് സമയം അനുവദിച്ചിട്ടുണ്ട്. നാളതീകരണം പൂർത്തിയായാൽ ഈ മാസം തന്നെ വിജ്ഞാപനം പുറപ്പെടുവിക്കുന്നതാണ്. |
| (ബി) | പ്രൊമോഷൻ മൂലം മറ്റ് ജില്ലകളിലേക്ക് നിർബന്ധപൂർവം സ്ഥലം മാറ്റിയ കംപാഷനേറ്റ് ഗ്രൗണ്ടിൽ ഉള്ള ജീവനക്കാരുടെ നിലവിലെ എണ്ണം അറിയിക്കാമോ; പ്രസ്തുത ജീവനക്കാരുടെ എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട്; | (ബി) | പൊതുസ്ഥലംമാറ്റത്തിൽ അനുകമ്പാർഹമായ കാരണങ്ങളാൽ സ്ഥലംമാറ്റം നൽകണമെന്ന അപേക്ഷകളിൽ നിന്നും പ്രൊമോഷൻ മൂലം മറ്റ് ജില്ലകളിലേക്ക് മാറിയവരുടെ അപേക്ഷകൾ മാത്രമായി കണ്ടെത്തുന്നത് പ്രായോഗികമല്ല. |
| (സി) | എച്ച്.ആർ.എം.എസ്. വൈകുന്നത് മൂലമുള്ള ജീവനക്കാരുടെ പ്രയാസങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയതിന്മേൽ എന്ത് നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ? | (സി) | എച്ച്.ആർ.എം.എസ് മോഡ്യൂളിൽ ജീവനക്കാരുടെ വിവരശേഖരണം ത്വരിതഗതിയിൽ പൂർത്തിയാക്കി, ഓൺലൈൻ സ്ഥലംമാറ്റത്തിന് ഈ മാസം തന്നെ അപേക്ഷിക്കാൻ ജീവനക്കാർക്ക് സൗകര്യമൊരുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ